**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

02-03-2021

# പാനൂരിൽ വിദ്യാർത്ഥിക്ക് നടുറോഡിൽ മർദ്ദനം: ബാലാവകാശ കമ്മീഷൻ കേസെടുത്തു

കണ്ണൂർ പാനൂരിൽ സ്കൂൾ വിദ്യാർത്ഥിയെ നടുറോഡിൽ ഓട്ടോറിക്ഷ ഡ്രൈവർ ക്രൂരമായി മർദിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. മർദനത്തിന്റെ ദൃശ്യങ്ങൾ ടെലിവിഷൻ ചാനലുകൾ സംപ്രേക്ഷണം ചെയ്തതിനെ തുടർന്ന് ചെയർമാൻ കെ. വി മനോജ്കുമാർ നടപടി സ്വീകരിക്കുകയായിരുന്നു.

എസ്.എസ്.എൽ.സി മോഡൽ പരീക്ഷ കഴിഞ്ഞ് സഹപാഠിക്കൊപ്പം നടന്നതിനെ ചോദ്യം ചെയ്താണ് മർദിച്ചതെന്ന് കുട്ടിയുടെ അച്ഛൻ വാർത്തയിൽ പറയുന്നുണ്ട്. പൊലീസ് കേസ് ഒതുക്കിത്തീർക്കാൻ ശ്രമിച്ചതായും അത്ര ഗൗരവമുള്ള കേസല്ലെന്ന് പറഞ്ഞതായും കുട്ടിയുടെ അച്ഛൻ ആരോപിച്ചു. കണ്ടുനിന്നവർ തല്ലിയവരെ തടയാൻ ശ്രമിച്ചതുമില്ല. പാനൂർ മുത്താരപ്പീടിക ഓട്ടോ സ്റ്റാൻഡിലെ ഡ്രൈവർ ജിനീഷാണ് മർദിച്ചതെന്നും അച്ഛൻ ആരോപിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

*2041/13/C2/2021/KeSCPCR*